സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഹെഡ് ക്വാർട്ടേഴ്സ് നന്ദൻകോട് കവടിയാർ തിരുവനന്തപുരം 695003

ഫോൺ. 0471 2317983 ഫാക്സ് 0471 2310192 ഇ മെയിൽ. travancoredevaswom2011@gmail.com

## തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം: വി.എസ്. ജയകുമാർ)

നമ്പർ ആർ ഒ സി 2807/15/എസ്റ്റാ 1 നന്തൻകോട് തീയതി 31-07-2015

### സംഗ്രഹം

വിഷയം - തിരുവിതാംകൂർ ദേവസ്വം സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷന്റെ അപേക്ഷ - ക്ഷേത്ര ജീവനക്കാരായ പെൻഷൻകാരുടെ മെഡിക്കൽ അലവൻസ്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1) തിരുവിതാംകൂർ ദേവസ്വം പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ 02-03-2015 ലെ അപേക്ഷ

2) ഫൈനാൻസ് ആൻഡ് അക്കൗണ്ട്സ് ആഫിസറുടെ 23-03-2015 ലെ എഫ്എഒ 85/15/ഒഎഡി നമ്പർ അഭിപ്രായം

3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 30-06-2015 ലെ ഡി എ 965/15/ഇ 1 നമ്പർ അഭിപ്രായം

### ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം പെൻഷൻകാർക്ക് സ്ഥിരമായി 300/- രൂപ മെഡിക്കൽ അലവൻസായി നൽകുമ്പോൾ ക്ഷേത്ര ജീവനക്കാരായ പെൻഷൻകാർക്ക് 100/- രൂപ മാത്രമാണ് നൽകുന്നതെന്നും അസുഖമുളള ജീവനക്കാരെ വിവേചനപരമായി കണക്കാക്കാതെ അവർക്ക് കൂടി മെഡിക്കൽ അലവൻസ് 300/- രൂപ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുളള തിരുവിതാംകൂർ ദേവസ്വം പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചു. ( പരാമർശം- 1)

ഇക്കാര്യം സംബന്ധിച്ച് ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും ( പരാമർശം- 2 ) സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ചുളള ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായവും ( പരാമർശം-3) വിശദമായി പരിശോധിച്ച് ക്ഷേത്ര ജീവനക്കാരായ പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് 100 രൂപയിൽനിന്നും 150 രൂപയായി 01-07-2015 മുതൽ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

Sd/-

സെക്രട്ടറി